(സി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഇതിലേക്കായി സർക്കാർ തലത്തിൽനിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ സംസ്കരണം പദ്ധതികൾ നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

എസ്.സി.പി./ടി.എസ്.പി. ഫണ്ടുകൾ

106 (4141) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ;

(ബി) മുനിസിപ്പാലിറ്റികൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതിവിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയ നഗര ഉപജീവന പദ്ധതി

107 (4142) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഉപജീവന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

(i) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള നഗരസഭകളുടെ കാര്യശേഷി വികസിപ്പിക്കുക.

(ii) നഗരത്തിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവർക്ക് നൈപുണ്യ പരിശീലനം നൽകി സ്ഥിരവരുമാനം തരപ്പെടുത്തിക്കൊടുക്കുകയോ, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സഹായങ്ങൾ നൽകുകയോ ചെയ്യുക.

(iii) നഗരത്തിൽ സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുക.

(iv) തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ നടപ്പാക്കുക.

(v) നഗരത്തിലെ പാവപ്പെട്ട ഭവനരഹിതർക്കായി അടിസ്ഥാനസൗകര്യങ്ങളോടു കൂടിയ സാമൂഹ്യ പാർപ്പിടങ്ങൾ ഒരുക്കുക.

(vi) നഗരദാരിദ്ര്യ നിർമ്മാർജ്ജനത്തിനുതകുന്ന നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(vii) നഗര ദരിദ്രരുടെ സാമൂഹ്യ സംഘാടനം സാദ്ധ്യമാക്കി അവരുടെ സംഘങ്ങൾ ഉയർത്തിക്കൊണ്ടു വരിക.

(സി) ദേശീയ നഗര ഉപജീവന മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കുടുംബശ്രീയാണ്. നഗരസഭകൾ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീക്ക് കീഴിലുള്ള നഗരതല കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളെ പദ്ധതിയുടെ സാമൂഹ്യ സംഘാടനത്തിനുള്ള റിസോഴ്സ് ഓർഗനൈസേഷനുകളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗര ദരിദ്രർക്ക് തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ നൽകി, സർട്ടിഫിക്കറ്റുകൾ നൽകി, ആദായകരമായ തൊഴിൽ തരപ്പെടുത്തിക്കൊടുക്കുന്നതിനുമായി നൈപുണ്യ വികസന കോർപ്പറേഷനുമായി കരാർ ഒപ്പിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന തലത്തിലും നഗരതലത്തിലും മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. താൽപ്പര്യം പ്രകടിപ്പിച്ച നഗരസഭകൾക്ക് സാമൂഹ്യ പാർപ്പിടങ്ങൾ പണിയുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകി ഒന്നാംഗഡു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ മറ്റെല്ലാ ഘടകങ്ങളുടെയും പ്രവർത്തനം അതിവേഗം പുരോഗമിച്ചുവരുന്നു.

നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ്

108 (4143) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ് (Municipal Common Service) നൽകിയതിന്റെ വിശദാംശങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ച് നൽകുമോ ;

(ബി) പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകുന്നതിനും പി.എഫ്. ഇക എൻട്രി വരുത്തുന്നതിനും IKM (Information Kerala Mission) പുതിയ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തിട്ടുണ്ടോ ; ഇതിനു വരുന്ന കാലതാമസം വ്യക്തമാക്കാമോ ; ഇതിന്റെ പൂർത്തീകരണം എന്ന് നടക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ നഗരസഭകളിലെ റഹലർ വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് വിതരണം നടത്തിയിട്ടില്ല. 28 നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വിവിധ വർഷങ്ങളിലായി ക്രെഡിറ്റ്കാർഡ് നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരം IKM-ൽ നിന്ന് ശേഖരിച്ചു നൽകുന്നതാണ്.

നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

109 (4144) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly